**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3851** **15-05-2017 ൽ മറുപടിക്ക്**

**പാട്ടവ്യവസ്ഥയ്ക്ക് വിരുദ്ധമായി സ്ഥലം വിനിയോഗിക്കുന്ന കേസുകളിൽ ഭൂമി തിരികെയെടുക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എസ്.ശർമ്മ**<br>**ശ്രീ. ബി.സത്യൻ**<br>**ശ്രീ. പി.കെ.ശശി**<br>**ശ്രീ. സി.കെ.ശശീന്ദ്രൻ** | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സൗജന്യമായും കുറഞ്ഞ നിരക്കിലും ഭൂമി പാട്ടത്തിനു ലഭിച്ച സ്ഥാപനങ്ങളിലും വ്യക്തികളിലും ഗണ്യമായൊരു ഭാഗം നാമമാത്രമായ തുക പോലും അടയ്ക്കാതിരിക്കുകയോ അല്ലെങ്കിൽ പാട്ട വ്യവസ്ഥയ്ക്ക് വിരുദ്ധമായി സ്ഥലം വിനിയോഗിക്കുകയോ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കേസുകളിൽ ഭൂമി തിരികെയെടുക്കാൻ നടപടി സ്വീകരിക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാട്ടകുടിശ്ശിക പിരിച്ചെടുക്കുന്നതിനും, പാട്ടക്കരാർ ലംഘിച്ച കേസുകളിൽ ഭൂമി തിരികെ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) തലസ്ഥാന നഗരിയിൽ പ്രവർത്തിയ്ക്കുന്ന ശ്രീമൂലം ക്ലബ്, ട്രിവാൻഡ്രം ക്ലബ്, മന്നം മെമ്മോറിയൽ ക്ലബ്, ശാസ്തമംഗലം യൂണിവേഴ്സിറ്റി വിമൻസ് അസോസിയേഷൻ, ടെന്നീസ് ക്ലബ്, ഗോൾഫ് ക്ലബ് തുടങ്ങി വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പാട്ടത്തുകയിൽ മുൻസർക്കാർ ഇളവു നൽകാനുണ്ടായ കാരണം അറിയിക്കാമോ; വെള്ളയമ്പലം ഓഫീസേഴ്സ് ക്ലബിന് പാട്ടത്തിന് നൽകിയ സ്ഥലത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;<br><br>(സി) വാണിജ്യസ്ഥാപനങ്ങൾക്ക് സ്ഥലം പാട്ടത്തിനു നൽകുമ്പോൾ ഈടാക്കേണ്ട പാട്ടം എത്രയെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിയ്ക്കുന്നത്; മേൽപ്പറഞ്ഞവയുൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞ നിരക്ക് അനുവദിയ്ക്കാനുണ്ടായ സാഹചര്യമെന്താണ്? | (ബി) & (സി) 06/02/2016 ലെ സർക്കാർ ഉത്തരവ് (എം.എസ്) 96/2016/റവ പ്രകാരം വാണിജ്യ സ്ഥാപനങ്ങൾക്ക് ഭൂമിയുടെ മാർക്കറ്റ് വിലയുടെ 5% തുക (കുറഞ്ഞത് പ്രതിവർഷം 15000/-രൂപ) ആണ് പാട്ടമായി ഈടാക്കുന്നത്. ശ്രീമൂലം ക്ലബ്, ശാസ്തമംഗലം യൂണിവേഴ്സിറ്റി വിമൻസ് അസോസിയേഷൻ എന്നിവർക്ക് പാട്ടത്തുകയിൽ ഇളവ് അനുവദിച്ചിട്ടില്ല. ഗോൾഫ് ക്ലബ് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യക്ക് ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്. ടെന്നീസ് ക്ലബ്, മന്നം മെമ്മോറിയൽ ക്ലബ്, എന്നിവയ്ക്ക് പാട്ട തുകയിൽ ഇളവ് അനുവദിച്ച ഉത്തരവു പുന:പരിശോധിച്ച് വരുകയാണ്. വെള്ളയമ്പലം ഓഫീസേഴ്സ് ക്ലബിന് പാട്ടത്തിന് നൽകിയ ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് നിലവിൽ വട്ടിയൂർക്കാവ് വില്ലേജിലെ എൽ.ആർ.എം ഓഫീസിന്റെ പ്രവർത്തനം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ